# CHAPTER - 6
# ചോളനാട്ടിൽ നിന്നും ഡൽഹിയിലേക്ക്

---

1. **"ചോള സാമ്രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കാർഷിക മേഖല വഹിച്ച പങ്ക് വിശകലനം ചെയ്യുക."**

- ചോള രാജ്യം വിഭവസമൃദ്ധമായ കാവേരി നദീതടത്തിലാണ് സ്ഥിതി ചെയ്തിരുന്നത്.
- ഭൂരിഭാഗം ആളുകളും ഗ്രാമങ്ങളിൽ താമസിച്ചിരുന്നവരും കൃഷി പ്രധാന തൊഴിലായി സ്വീകരിച്ചവരുമായിരുന്നു.
- ധാന്യങ്ങൾ, പഴങ്ങൾ, പയറുവർഗ്ഗങ്ങൾ, കരിമ്പ്, വെറ്റില, അടയ്ക്ക, ഇഞ്ചി, മഞ്ഞൾ, വിവിധതരം പൂക്കൾ എന്നിവ അവർ കൃഷി ചെയ്തിരുന്നു.
- ഭരണാധികാരികൾ കുളങ്ങൾ, ടാങ്കുകൾ, കനാലുകൾ, കിണറുകൾ തുടങ്ങിയ വിവിധ ജലസേചന സൗകര്യങ്ങൾ നിർമ്മിച്ചു. നദികൾക്ക് കുറുകെ ചിറകൾ നിർമ്മിച്ച് കനാലുകൾ വഴി വെള്ളം വിതരണം ചെയ്തു.
- മഴക്കാലത്ത് മഴവെള്ളം സംഭരിക്കാൻ വലിയ കുളങ്ങൾ നിർമ്മിച്ചു. വറ്റിപ്പോകാതെ സംരക്ഷിക്കപ്പെട്ടിരുന്ന ഇത്തരം ജലസംഭരണികളെ 'ഏരിപ്പട്ടി' എന്ന് വിളിച്ചിരുന്നു.
- കൃഷിയുടെ വികസനത്തിനായി കർഷകർക്ക് നികുതി ഇളവുകൾ നൽകുകയും തരിശുഭൂമി കൃഷിയോഗ്യമാക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.
- ക്ഷേത്രങ്ങൾക്കും ബ്രാഹ്മണർക്കും ഭൂമി ദാനം ചെയ്യുന്നതിലൂടെ കൂടുതൽ പ്രദേശങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കാൻ സാധിച്ചു.

2. **"ശക്തമായ വ്യവസായ അടിത്തറയുടെ പിന്തുണയോടെ ആഭ്യന്തരവും വിദേശവുമായ വ്യാപാരത്തിൽ വലിയ പുരോഗതി കൈവരിച്ച കാലഘട്ടമായിരുന്നു ചോള കാലഘട്ടം." പ്രസ്താവനയെ സമർത്ഥിക്കു**ക.

- ചോള കാലഘട്ടത്തിൽ ആഭ്യന്തര വ്യാപാരവും വിദേശ വ്യാപാരവും ഒരുപോലെ വികസിതമായിരുന്നു.
- നഗരത്താർ, മണിഗ്രാമം തുടങ്ങിയ സമ്പന്നരായ വ്യാപാരികളുടെ കൂട്ടായ്മകൾ (ഗ്രിൽഡുകൾ) വ്യാപാരം സജീവമാക്കി.
- നെയ്ത്ത് ഒരു പ്രധാന വ്യവസായമായിരുന്നു. കൂടാതെ ലോഹപ്പണിയും വികസിച്ചു; സ്വർണ്ണം, വെള്ളി എന്നിവകൊണ്ടുള്ള വിഗ്രഹങ്ങളും പാത്രങ്ങളും ആഭരണങ്ങളും ഇതിന് തെളിവാണ്.

- മികച്ച ഗുണനിലവാരമുള്ള തുണിത്തരങ്ങൾ ഉത്തരേന്ത്യയിലേക്കും മറ്റ് ഭാഗങ്ങളിലേക്കും കയറ്റുമതി ചെയ്തിരുന്നു. പഞ്ചസാര, ഇരുമ്പ് ഉപകരണങ്ങൾ, മുത്ത്, പവിഴം എന്നിവയും പ്രധാന വാണിജ്യ ഉൽപ്പന്നങ്ങളായിരുന്നു.
- നാഗപട്ടണം, മഹാബലിപുരം, കാവേരിപൂംപട്ടിണം, ശാലിയൂർ, കൊർക്കൈ എന്നിവ പ്രധാന തീരദേശ വ്യാപാര കേന്ദ്രങ്ങളായിരുന്നു. ഇന്നത്തെ വിശാഖപട്ടണം അന്ന് കുലോത്തുങ്കചോളപട്ടിണം എന്നാണ് അറിയപ്പെട്ടിരുന്നത്.

3. **"ചോള കാലഘട്ടത്തിലെ ക്ഷേത്രങ്ങൾ കേവലം ആരാധനാലയങ്ങൾ മാത്രമല്ല, സാമ്രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക ജീവിതത്തിന്റെ ചാലകശക്തികൾ കൂടിയായിരുന്നു." ചോള ക്ഷേത്രങ്ങളുടെ പൊതുവായ പ്രവർത്തനങ്ങളെ മുൻനിർത്തി ഈ പ്രസ്താവന വിലയിരുത്തുക**.

- രാജരാജ ചോളൻ ഒന്നാമൻ നിർമ്മിച്ച ബൃഹദീശ്വര ക്ഷേത്രവും , രാജേന്ദ്ര ചോളൻ ഒന്നാമൻ നിർമ്മിച്ച ഗംഗൈകൊണ്ടചോളപുരം ക്ഷേത്രവും ചോള വാസ്തുവിദ്യയുടെ ഉത്തമ ഉദാഹരണങ്ങളാണ്.
- ദാനമായി ലഭിച്ച ഭൂമിയിൽ നിന്നുള്ള വരുമാനം, ഗ്രാമസഭകളിൽ നിന്നും ഭക്തരിൽ നിന്നുമുള്ള സംഭാവനകൾ, നികുതികൾ എന്നിവയിലൂടെ ക്ഷേത്രങ്ങൾ വലിയ സമ്പത്ത് കൈവരിച്ചിരുന്നു.
- ക്ഷേത്രങ്ങളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി ധാരാളം ആളുകൾക്ക് ജോലി ലഭിച്ചിരുന്നു. കലാകാരന്മാരും കരകൗശല വിദഗ്ധരും തങ്ങളുടെ ഉപജീവനത്തിനായി ക്ഷേത്രങ്ങളെയാണ് ആശ്രയിച്ചിരുന്നത്.
- ആരാധനയ്ക്ക് പുറമെ, വിദ്യാഭ്യാസ സ്ഥാപനങ്ങളും ആശുപത്രികളും ക്ഷേത്രങ്ങളോട് അനുബന്ധിച്ച് പ്രവർത്തിച്ചിരുന്നു.

4. **"രാജ്യത്തെ മികച്ച രീതിയിൽ വിഭജിച്ചുകൊണ്ടുള്ള ഭരണക്രമവും കാര്യക്ഷമമായ ഗ്രാമ സ്വയംഭരണ സംവിധാനവും ചോള ഭരണത്തിന്റെ പ്രത്യേകതയായിരുന്നു." ഭരണപരമായ വിഭജനങ്ങളെയും ഗ്രാമസഭകളുടെ പ്രവർത്തനങ്ങളെയും മുൻനിർത്തി ഈ പ്രസ്താവന വിവരിക്കുക**.

- ഭരണസൗകര്യത്തിനായി ചോള സാമ്രാജ്യത്തെ മണ്ഡലങ്ങൾ, വളനാടുകൾ, നാടുകൾ എന്നിങ്ങനെ വിഭജിച്ചിരുന്നു.
- രാജാവിനെ സഹായിക്കാൻ ഒരു മന്ത്രിസഭ ഉണ്ടായിരുന്നു.

- നാവികസേന ഉൾപ്പെടെയുള്ള ശക്തമായ ഒരു സൈന്യം ചോളന്മാർക്കുണ്ടായിരുന്നു. വ്യാപാര വികസനത്തിനും സൈനിക നീക്കങ്ങൾക്കുമായി അവർ നിരവധി റോഡുകൾ നിർമ്മിച്ചു.
- ഭൂനികുതിക്ക് പുറമെ വനം, ഖനി, ഉപ്പ് എന്നിവയ്ക്കും നികുതി ഏർപ്പെടുത്തിയിരുന്നു. തൊഴിൽ നികുതിയും വിൽപ്പന നികുതിയും ശേഖരിച്ചിരുന്നു. 'വെട്ടി' എന്നറിയപ്പെട്ടിരുന്ന പ്രതിഫലം നൽകാതെയുള്ള സേവനത്തെ നികുതിക്ക് തുല്യമായിട്ടാണ് കണ്ടിരുന്നത്.
- ചോള ഭരണത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയാണ് ഗ്രാമ സ്വയംഭരണം. രണ്ട് തരം സ്വയംഭരണ സമിതികൾ അക്കാലത്തുണ്ടായിരുന്നു:

    - **ഊര് :** ജനങ്ങളുടെ പൊതുസഭ.
    - **സഭ :** ബ്രാഹ്മണ ഗ്രാമങ്ങളിലെ മുതിർന്നവരുടെ സഭ.
    - കുളങ്ങൾ, കിണറുകൾ, റോഡുകൾ എന്നിവയുടെ പരിപാലനം ഈ തദ്ദേശീയ സമിതികളുടെ ഉത്തരവാദിത്തമായിരുന്നു.

5. **"ദക്ഷിണേന്ത്യയുടെ രാഷ്ട്രീയവും വാസ്തുവിദ്യാപരവുമായ മേഖലകളിൽ ചാലൂക്യ വംശം വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്." അവരുടെ ഭരണസംവിധാനം, ഭൂമിശാസ്ത്രപരമായ സ്വാധീനം, ക്ഷേത്രനിർമ്മാണം എന്നിവയെ അടിസ്ഥാനമാക്കി ഈ പ്രസ്താവനയെ സമർത്ഥിക്കുക.**

### ഭരണ സംവിധാനം:

- ആറാം നൂറ്റാണ്ട് മുതൽ പന്ത്രണ്ടാം നൂറ്റാണ്ട് വരെ വതാപി, വേംഗി, കല്യാണി തുടങ്ങിയ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചാണ് ചാലൂക്യർ ഭരിച്ചിരുന്നത്.
- ചോളന്മാരെപ്പോലെ കേന്ദ്രീകൃതമായ ഒരു രാജഭരണമായിരുന്നില്ല അവിടെ ഉണ്ടായിരുന്നത്. അധികാരം ക്ഷേത്രങ്ങൾ, ബ്രാഹ്മണർ (ബ്രഹ്മദേയ ഭൂമിയുടെ ഉടമകൾ), സാമന്തന്മാർ എന്നിവരുടെ നിയന്ത്രണത്തിലായിരുന്നു.
- കേന്ദ്രീകൃതമായ നികുതി സമ്പ്രദായവും ഉദ്യോഗസ്ഥ വൃന്ദവും ഉണ്ടായിരുന്നെങ്കിലും, സൈനിക ശക്തിയുള്ള പ്രഭുക്കന്മാരെ കേന്ദ്രീകരിച്ചായിരുന്നു ഭരണം. രാജാവിനെ സഹായിക്കാൻ മന്ത്രിസഭ ഉണ്ടായിരുന്നില്ല.
- പുലികേശി രണ്ടാമനായിരുന്നു ഏറ്റവും പ്രശസ്തനായ ചാലൂക്യ രാജാവ്.

### വാസ്തുവിദ്യയും ക്ഷേത്രനിർമ്മാണവും:

- തുടക്കത്തിൽ പാറക്കല്ല് വെട്ടിയെടുത്ത ഗുഹാക്ഷേത്രങ്ങളാണ് നിർമ്മിച്ചിരുന്നതെങ്കിലും പിന്നീട് ഘടനാ ക്ഷേത്രങ്ങളിലേക്ക് അവർ മാറി. **ഉദാ:** കർണാടകയിലെ വതാപിയിലെ (ബാദാമി) കുടവര ക്ഷേത്രം..
- ദക്ഷിണേന്ത്യയിലെ ദ്രാവിഡ ശൈലിയിൽ നിന്നാണ് ഇവ രൂപപ്പെട്ടതെങ്കിലും, പാറകൾ വെട്ടിമാറ്റിയുള്ള നിർമ്മാണ രീതിയായിരുന്നു പ്രധാന സവിശേഷത. പ്രകൃതിദത്തമായ പാറകളിൽ നിന്ന് മനോഹരമായ ശില്പങ്ങൾ അവർ കൊത്തിയെടുത്തു.

**സാമ്പത്തിക-ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ:**

- നിർമ്മാണത്തിന് ആവശ്യമായ പാറകൾ പശ്ചിമഘട്ടത്തിൽ നിന്നും ഡെക്കാൻ പീഠഭൂമിയിൽ നിന്നുമാണ് ലഭിച്ചത്.
- കൃഷ്ണ-ഗോദാവരി തടങ്ങളിലെ കാർഷിക മിച്ചമാണ് ക്ഷേത്രനിർമ്മാണത്തിന് ആവശ്യമായ വിഭവങ്ങളും സമ്പത്തും നൽകിയത്.
- ഈ സാമ്പത്തിക മിച്ചം പുറത്തുനിന്നുള്ള തൊഴിലാളികളെ കൊണ്ടുവന്ന് ജോലിക്ക് നിയോഗിക്കാൻ അവരെ സഹായിച്ചു.

6. **"എട്ടാം നൂറ്റാണ്ടിനും പന്ത്രണ്ടാം നൂറ്റാണ്ടിനും ഇടയിൽ ഭാരതത്തിലെ വിവിധ രാജവംശങ്ങൾ ഭരണത്തിലും സാമ്പത്തികരംഗത്തും സാംസ്കാരിക മേഖലയിലും വലിയ പുരോഗതി കൈവരിച്ചു." പാലന്മാർ, പ്രതിഹാരന്മാർ, രാഷ്ട്രകൂടർ എന്നിവരുടെ സംഭാവനകൾ വിശകലനം ചെയ്തുകൊണ്ട് ഈ പ്രസ്താവന വിവരിക്കുക.**

- **പാലന്മാർ (കിഴക്കൻ ഇന്ത്യ):** വിജ്ഞാന വ്യാപനത്തെ പ്രോത്സാഹിപ്പിച്ച ഇവർ നളന്ദ സർവ്വകലാശാല പുതുക്കിപ്പണിയുകയും വിക്രമശില സർവ്വകലാശാല സ്ഥാപിക്കുകയും ചെയ്തു. ടിബറ്റുമായും തെക്കുകിഴക്കൻ ഏഷ്യയുമായും ഇവർ അടുത്ത ബന്ധം പുലർത്തിയിരുന്നു.
- **പ്രതിഹാരന്മാർ (ഉത്തരേന്ത്യ):** സംസ്കൃത സാഹിത്യത്തെയും കലകളെയും പ്രോത്സാഹിപ്പിച്ചു; രാജശേഖരനെപ്പോലെയുള്ള പണ്ഡിതന്മാർ ഇവരുടെ കൊട്ടാരത്തിലുണ്ടായിരുന്നു. ബാഗ്ദാദിലെ ഖലീഫയുമായുള്ള ബന്ധം വഴി ഇന്ത്യൻ ശാസ്ത്രവും ഗണിതവും അറബ് ലോകത്തേക്ക് പ്രചരിച്ചു.

- **രാഷ്ട്രകൂടർ (ഡെക്കാൻ):** ലോകപ്രശസ്തമായ എല്ലോറയിലെ കൈലാസനാഥ ക്ഷേത്രവും മൽഖേഡ് കോട്ടയും ഇവരുടെ സംഭാവനയാണ്. അമോഘവർഷൻ 'കവിരാജമാർഗ്ഗം' എന്ന കൃതി കന്നഡയിൽ രചിച്ചു.
- **മതസൗഹാർദ്ദം:** ജൈനമതത്തോടൊപ്പം ശൈവ-വൈഷ്ണവ മതങ്ങളെയും രാഷ്ട്രകൂടർ പ്രോത്സാഹിപ്പിച്ചു. വിദേശ വ്യാപാരം മെച്ചപ്പെടുത്താൻ മുസ്ലിം വ്യാപാരികൾക്ക് സൗകര്യങ്ങൾ നൽകി.
- **സാമൂഹിക മാറ്റങ്ങൾ:** ചാതുർവർണ്യം നിലനിന്നിരുന്നെങ്കിലും കൃഷിയുടെ വളർച്ചയോടെ ശൂദ്രർ സൈന്യത്തിലും ഭരണത്തിലും ചേരുകയും അവരുടെ പദവി ഉയരുകയും ചെയ്തു. സ്ത്രീകൾ ഭരണപരവും മതപരവുമായ മേഖലകളിൽ സജീവമായിരുന്നു.

7. **അലാവുദ്ദീൻ ഖൽജി നടപ്പിലാക്കിയ കമ്പോള പരിഷ്കാരങ്ങളും അവയ്ക്ക് പിന്നിലെ കാരണങ്ങളും വിശദീകരിക്കുക.**

- **ലക്ഷ്യം:** അത്യാവശ്യ സാധനങ്ങളുടെയും ഭക്ഷണസാധനങ്ങളുടെയും വില നിയന്ത്രിക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം.
- **കാരണം:** മംഗോളിയൻ അധിനിവേശങ്ങളെ പ്രതിരോധിക്കാൻ അദ്ദേഹത്തിന് വലിയൊരു സൈന്യത്തെ നിലനിർത്തേണ്ടതുണ്ടായിരുന്നു.
- **ശമ്പളം:** സൈനികർക്ക് കുറഞ്ഞ ശമ്പളം മാത്രമേ നൽകാൻ കഴിഞ്ഞിരുന്നുള്ളൂ. അതിനാൽ സാധനങ്ങളുടെ വില കുറച്ചു നിർത്തിയാൽ മാത്രമേ അവർക്ക് ജീവിക്കാൻ കഴിയുമായിരുന്നുള്ളൂ.
- **സംഭരണശാലകൾ:** ധാന്യങ്ങൾ ശേഖരിച്ചുവെക്കാൻ അദ്ദേഹം സർക്കാർ വെയർഹൗസുകൾ സ്ഥാപിച്ചു.
- **ശിക്ഷകൾ:** കരിഞ്ചന്തക്കാരെയും അമിതവില ഈടാക്കുന്നവരെയും അദ്ദേഹം കഠിനമായി ശിക്ഷിച്ച

8. **ബത്തൂത്തയുടെ വിവരണങ്ങൾ അടിസ്ഥാനമാക്കി സുൽത്താനേറ്റ് കാലഘട്ടത്തിലെ സാമൂഹിക-സാമ്പത്തിക ജീവിതം വിശകലനം ചെയ്യുക.**

- **കൃഷി:** ഇന്ത്യയിലെ മണ്ണ് വളരെ ഫലഭൂയിഷ്ഠമാണെന്നും ഗോതമ്പ്, അരി, നീലം, കരിമ്പ് എന്നിവ സമൃദ്ധമായി കൃഷി ചെയ്തിരുന്നതായും അദ്ദേഹം രേഖപ്പെടുത്തി.
- **ജലസേചനം:** ജലാശയങ്ങളിൽ നിന്ന് വെള്ളം കോരുന്നതിന് **രഹത് (Rahat)** ജലസേചന രീതി ഉപയോഗിച്ചിരുന്നു.

- **നാണയങ്ങൾ:** തങ്ക (വെള്ളി), ജിത്തൽ (ചെമ്പ്) എന്നീ പുതിയ നാണയങ്ങൾ സാമ്പത്തിക വളർച്ചയ്ക്ക് സഹായിച്ചു.
- **വ്യാപാരം:** ഡൽഹി, ദൗലതാബാദ് തുടങ്ങിയ നഗരങ്ങൾ ലോക വ്യാപാര കേന്ദ്രങ്ങളായി വളർന്നു.
- **പുതിയ വ്യവസായങ്ങൾ:** കടലാസ് നിർമ്മാണം, ചർക്ക തുടങ്ങിയ പുതിയ സാങ്കേതിക വിദ്യകൾ തുണിത്തരങ്ങളുടെയും കരകൗശല വസ്തുക്കളുടെയും നിർമ്മാണത്തിന് സഹായിച്ചു.

9. **സുൽത്താനേറ്റ് കാലഘട്ടത്തിലെ ഭാഷാപരമായതും വാസ്തുവിദ്യാപരവുമായ സാംസ്കാരിക സംഭാവനകൾ വ്യക്തമാക്കുക**

- **ഉറുദു ഭാഷ:** ഹിന്ദവി, അറബിക്, പേർഷ്യൻ എന്നിവയുടെ സങ്കലനമായി ഉറുദു ഭാഷ രൂപപ്പെട്ടു. **അമീർ ഖുസ്രു** ഇതിൽ വലിയ പങ്ക് വഹിച്ചു.
- **സാഹിത്യം:** ഭാരതീയ ശാസ്ത്ര-ജ്യോതിശാസ്ത്ര ഗ്രന്ഥങ്ങൾ അറബിയിലേക്കും പേർഷ്യനിലേക്കും വിവർത്തനം ചെയ്യപ്പെട്ടു.
- **വാസ്തുവിദ്യ:** ഇന്ത്യൻ ശൈലിയും അറബിക് ശൈലിയും ചേർന്ന ഇന്തോ-ഇസ്ലാമിക് വാസ്തുവിദ്യ നിലവിൽ വന്നു.
- **ഉദാഹരണങ്ങൾ: കുത്തബ് മിനാർ**, തുഗ്ലക്കാബാദ് കോട്ട, ലോധി ഗാർഡൻസ് എന്നിവ ഇതിന് ഉദാഹരണങ്ങളാണ്.
- **സംഗീതം:** പുതിയ സംഗീതോപകരണങ്ങളും രീതികളും പ്രചാരത്തിൽ വരികയും അവ ഇന്ത്യൻ സംസ്കാരവുമായി ഇഴുകിച്ചേരുകയും ചെയ്തു.

10. **ഡൽഹി സുൽത്താനേറ്റിന്റെ ഭരണസംവിധാനത്തിലെ 'ഇക്ത സമ്പ്രദായത്തെ' കുറിച്ച് വിവരിക്കുക.**

- സുൽത്താൻ ഇൽത്തുമിഷ് ആണ് ഇത് ആരംഭിച്ചത്.
- സാമ്രാജ്യത്തെ 'ഇക്തകൾ' എന്ന ഭാഗങ്ങളായി വിഭജിക്കുകയും അവ സൈനിക മേധാവികൾക്ക് നൽകുകയും ചെയ്തു.
- ഇക്തകളുടെ ഉടമസ്ഥർ ആ പ്രദേശങ്ങളിൽ നിന്ന് നികുതി പിരിച്ചു.
- പിരിച്ച നികുതിയുടെ ഒരു ഭാഗം സുൽത്താന് നൽകണം.
- ബാക്കി തുക സൈനികർക്കും ഉദ്യോഗസ്ഥർക്കും ശമ്പളം നൽകുന്നതിനായി ഉപയോഗിച്ചു.